**15 -ാം കേരള നിയമസഭ**

**8 -ാം സമ്മേളനം**

**നക്ഷത്ര ചിഹ്നം ഇല്ലാത്ത ചോദ്യം നം. 6681** **21-03-2023 - ൽ മറുപടിയ്ക്ക്**

**മിയാവാക്കി വനം നട്ടുപിടിപ്പിച്ചതിലെ അഴിമതി ആരോപണം**

| ചോദ്യം | | ഉത്തരം | |
|---|---|---|---|
| ശ്രീമതി കെ. കെ. രമ | | ശ്രീ. പി.എ.മുഹമ്മദ് റിയാസ്<br>(പൊതുമരാമത്ത്-വിനോദസഞ്ചാര വകുപ്പ് മന്ത്രി) | |
| (എ) | ടൂറിസം വകുപ്പിന്റെ കീഴിൽ മിയാവാക്കി വനവൽക്കരണ പദ്ധതി നടപ്പാക്കിയതിൽ അഴിമതിയുണ്ടെന്ന പരാതിയെ തുടർന്ന് ലോകായുക്ത കേസെടുക്കുകയും പദ്ധതിയുമായി ബന്ധപ്പെട്ട ഫയലുകൾ ഹാജരാക്കുവാൻ നിർദ്ദേശിക്കുകയും ചെയ്തിട്ടുണ്ടോ; വ്യക്തമാക്കുമോ; | (എ) | **പദ്ധതിയുമായി ബന്ധപ്പെട്ട വിനോദസഞ്ചാര വകുപ്പ് ഡയറക്ടറേറ്റിലെ ഫയലുകൾ ഹാജരാക്കുവാൻ ബഹു. ലോകായുക്ത വിനോദസഞ്ചാര വകുപ്പ് ഡയറക്ടറോട് നിർദ്ദേശിക്കുകയും അപ്രകാരം ടി ഫയലുകൾ, ബഹു. ലോകായുക്ത മുമ്പാകെ നൽകിയിട്ടുമുണ്ട്.** |
| (ബി) | സംസ്ഥാനത്ത് എവിടെയൊക്കെ എത്ര വിസ്തൃതിയിലാണ് മിയാവാക്കി വനം വച്ചുപിടിപ്പിക്കുന്നതിന് ടൂറിസം വകുപ്പ് പദ്ധതി ഇട്ടതെന്ന് വിശദമാക്കുമോ; | (ബി) | **30/10/2020 ലെ സർക്കാർ ഉത്തരവ് (സാധാ)നം.353/2020/ടൂറിസം നം. പ്രകാരം കേരളത്തിലെ 12 ജില്ലകളിലായി 22 ടൂറിസം കേന്ദ്രങ്ങളിൽ മിയാവാക്കി മാതൃകയിൽ വനവത്കരണം നടപ്പാക്കുന്നതിനായി 5,79,89,298/- രൂപയുടെ ഭരണാനുമതി സർക്കാർ നൽകിയിട്ടുണ്ട്. ജില്ല തിരിച്ചുള്ള വിവരം, വിസ്തൃതി എന്നിവ സംബന്ധിച്ചുള്ള വിവരം അനുബന്ധം I ആയി ചേർക്കുന്നു.** |
| (സി) | ഇതിനുള്ള ടെൻഡർ നടപടികൾ ആരംഭിച്ചത് എന്നാണെന്നും എത്ര സ്ഥാപനങ്ങളാണ് ടെൻഡറിൽ പങ്കെടുത്തതെന്നും അതിൽ ഏറ്റവും കുറഞ്ഞ തുക ക്വോട്ട് ചെയ്ത ആദ്യ മൂന്ന് സ്ഥാപനങ്ങളുടെ പേരുവിവരവും അവർ ക്വാട്ട് ചെയ്തിട്ടുള്ള തുകയും സംബന്ധിച്ച വിശദാംശം അറിയിക്കുമോ; | (സി) | **മിയാവാക്കി ഇ ടെൻഡർ നടപടികൾ ആരംഭിച്ചത് 03.01.2022 ന് ആണ്. ആകെ ചുവടെ കൊടുത്തിരിക്കുന്ന പ്രകാരമുള്ള 3 സ്ഥാപനങ്ങൾ ഇ ടെൻഡറിൽ (Technical bid) പങ്കെടുത്തു.**<br><br>**1. Agriculture and Eco System**<br><br>**2. State Agri Horticultural Development Co-Operative Society Ltd (TAHDcos)**<br><br>**3. Culture Shoppe**<br><br>**മേൽ ഇ ടെൻഡറിന്റെ ടെക്നിക്കൽ ഡോക്യുമെന്റിന്റെ പരിശോധനയ്ക്കുശേഷം താഴെകൊടുത്തിരിക്കുന്ന യോഗ്യരായ firms ന്റെ മാത്രം ഫിനാൻഷ്യൽ ബിഡുകളാണ് ഓപ്പൺ ചെയ്തത്.** |

| | | | |
|---|---|---|---|
| | | | **1. State Agri Horticultural Development Co-Operative Society Ltd (TAHDcos) – Rs.3,65,600/-**<br><br>**2. Culture Shoppe – Rs.5,10,000/-** |
| (ഡി) | പദ്ധതി നടപ്പാക്കുന്നതിനായി ടെൻഡർ നേടിയത് ഏത് സ്ഥാപനമാണെന്നും പ്രസ്തുത സ്ഥാപനത്തിന് ഈ മേഖലയിലുള്ള മുൻപരിചയം സംബന്ധിച്ച് ലഭ്യമാക്കിയ വിവരങ്ങൾ എന്തൊക്കെയെന്നും വ്യക്തമാക്കാമോ; | (ഡി) | **COMBINED Technical & FINANCIAL SCORE ന്റെ അടിസ്ഥാനത്തിൽ കൂടുതൽ മാർക്ക് നേടിയ Culture Shoppe എന്ന സ്ഥാപനം മിയാവാക്കി മാതൃകയിൽ വനം നട്ടുപിടിപ്പിച്ച പതിനേഴോളം പ്രൊജക്ടുകളുടെ (കനകക്കുന്ന് പാലസ്, കൊച്ചിൻ ഷിപ്പ് യാർഡ് ക്യാമ്പസ്, നെയ്യാർ ഡാം എന്നിവയുൾപ്പെടെ) ലിസ്റ്റ്, ഫോട്ടോകൾ, വർക്ക് ഓർഡർ (3 സ്ഥാപനങ്ങളിൽ നിന്നുള്ള വർക്ക് ഓർഡർ) തുടങ്ങിയ വിശദാംശങ്ങൾ ടെൻഡർ ഡോക്യുമെന്റ്സിൽ ഉൾപ്പെടുത്തിയിട്ടുണ്ടായിരുന്നു.** |
| (ഇ) | മിയാവാക്കി വനവൽക്കരണം സംബന്ധിച്ച മേഖലയിൽ മുൻ പരിചയമുള്ളതും കുറഞ്ഞ തുക ക്വോട്ട് ചെയ്തിരുന്നതുമായ സ്റ്റേറ്റ് അഗ്രി ഹോർട്ടികൾച്ചർ സൊസൈറ്റിയെ മറികടന്നാണോ നിലവിലെ സ്ഥാപനത്തിന് കരാർ നൽകിയിട്ടുള്ളതെന്ന് അറിയിക്കുമോ; എങ്കിൽ ഇപ്രകാരം കരാർ നൽകുന്നതിനിടയാക്കിയ സാഹചര്യങ്ങൾ എന്തെല്ലാമാണെന്ന് വ്യക്തമാക്കുമോ; | (ഇ) | **28/10/2019 ലെ G.O.(Rt) No. 363/2019/ Tsm നമ്പർ സർക്കാർ ഉത്തരവ് പ്രകാരം മിയാവാക്കി പദ്ധതി നടത്തിപ്പിനുള്ള ഏജൻസിയെ സെലക്ട് ചെയ്യുന്നതിന് സർക്കാർ ഒരു കമ്മറ്റി രൂപീകരിച്ചിരുന്നു. യോഗ്യത നേടിയ രണ്ട് ഏജൻസികൾ സമർപ്പിച്ച ടെക്നിക്കൽ ബിഡും പ്രൈസ് ബിഡും QCBS സിസ്റ്റം പ്രകാരം ടി കമ്മറ്റി പരിശോധിച്ച് ഒരോ ഏജൻസിയ്ക്കും നൽകിയ Combined Score ന്റെ അടിസ്ഥാനത്തിൽ കൂടുതൽ Score ലഭിച്ച ഏജൻസിയെയാണ് പദ്ധതി നടത്തിപ്പിനായി തെരെഞ്ഞെടുത്തത്.** |
| (എഫ്) | എത്ര വിസ്തൃതിയുള്ള ഭൂമിയിലാണ് വനവൽക്കരണം നടത്തുന്നതിന് കരാറിൽ വ്യവസ്ഥ ചെയ്തിട്ടുള്ളതെന്നും ഇതിനായി കരാറിൽ നിശ്ചയിച്ചിരുന്നത് എത്ര തുകയാണെന്നും പദ്ധതി പൂർത്തീകരിക്കപ്പെട്ടതിന് ശേഷം ആകെ എത്ര തുകയാണ് ഈ സ്ഥാപനത്തിന് കൈമാറിയതെന്നും സംബന്ധിച്ച ഇനം തിരിച്ചുള്ള വിവരം ലഭ്യമാക്കുമോ; | (എഫ്) | **പ്രസ്തുത പദ്ധതിയുടെ കരാർ 05.06.2020 ലെ GO(Rt).181/2020/Tsm ഉത്തരവ് പ്രകാരം M/s. Culture Shoppe Pvt.Ltd, Kowadiar എന്ന ഏജൻസിക്കാണ് കരാർ ലഭിച്ചത്. ടി കരാർ 17.08.2020 ന് ടൂറിസം ഡയറക്ടറും കൾച്ചറൽ ഷോപ്പി പ്രൈവറ്റ് ലിമിറ്റഡും ചേർന്ന് ഒപ്പ വച്ചു. ഇതു പ്രകാരം 1000 സ്ക്വയർ ഫീറ്റിൽ 400 ചെടികൾ നട്ട് പിടിപ്പിച്ചു വളർത്തുന്നതിനായി മെയിന്റനൻസ് ചാർജ്ജ് ഉൾപ്പെടെ 5,10,000/- രൂപ എന്ന നിരക്കിലാണ് കൾച്ചറൽ ഷോപ്പി എന്ന സ്ഥാപനം ഈ പ്രവർത്തി ഏറ്റെടുത്തത്.. ആദ്യത്തെ 6 മാസക്കാലം ഏജൻസി മേൽ പ്രവൃത്തി സൗജന്യമായി പരിപാലിക്കണമെന്നും, തുടർന്നുള്ള 2 വർഷക്കാലം പെയ്ഡ് മെയിന്റനൻസ് കാലഘട്ടമായിരിക്കുമെന്നും കരാറിൽ വ്യവസ്ഥ ചെയ്തിട്ടുണ്ട്. ഈ ഏജൻസിക്ക് നാളിതുവരെ നൽകിയ തുക അനുബന്ധം II ആയി ചേർക്കുന്നു.** |

| | | | |
|---|---|---|---|
| (ജി) | പദ്ധതി നടത്തിപ്പിന്റെ ഭാഗമായി ഈ സ്ഥാപനത്തിന് അധിക തുക അനുവദിക്കേണ്ടതായി വന്നിട്ടുണ്ടോ; എങ്കിൽ ഇപ്രകാരം അധിക തുക അനുവദിക്കേണ്ടി വന്നതിനുള്ള സാഹചര്യങ്ങൾ എന്തെല്ലാമാണെന്ന് വിശദമാക്കുമോ? | (ജി) | **ഇല്ല** |

സെക്ഷൻ ഓഫീസർ

അനുബന്ധം - I

| Miyawaki Afforestation - Locations Suggested from District offices/DTPCs | | | | | | |
|---|---|---|---|---|---|---|
| Sl Nr. | District | Locations Suggested (Priority basis) | Suggested by | Land available (cents) | land in sq.ft (1 cent = 435.6 sq.ft) | land in sq.m (1 cent = 40.5 sq.m) |
| 1 | TVM | Shanghumukham, near beach side | DD, TVM | 10 | 4356 | 405 |
| 2 | KLM | MALAMEL PILGRIM TOURISM PROJECT SITE | DTPC, KLM | 10 | 4356 | 405 |
| 3 | KLM | MUTTARA MARUTHIMALA ECOPARK PROJECT SITE | DTPC, KLM | 10 | 4356 | 405 |
| 4 | PTA | PUTHIYAKAVINCHIRA, ADOOR | DTPC, PTA | 5 | 2178 | 202.5 |
| 5 | ALP | THOTTAPALLY PARK | DD, ALP | 5 | 2178 | 202.5 |
| 6 | ALP | FINISHING POINT | DD, ALP | 5 | 2178 | 202.5 |
| 7 | KTYM | GOVT. GUEST HOUSE COMPOUND, NATTAKAM | DD, KTYM | 10 | 4356 | 405 |
| 8 | KTYM | CHEEPUNKAL, THE LAND ALLOTTED TO TOURISM BY IRRIGATION | DD, KTYM | 10 | 4356 | 405 |
| 9 | EKM | PARUTHUNTHU RANCHI ISLAND, ALUVA | DTPC, EKM | 10 | 4356 | 405 |
| 10 | EKM | MUNAMBAM BEACH | DTPC, EKM | 5 | 2178 | 202.5 |
| 11 | TSR | KALASSAMALA ECO TOURISM SITE, KUNNAMKULAM | DD, THR | 10 | 4356 | 405 |
| 12 | TSR | VILANGANKUNNU TOURISM PROJECT SITE | DD, THR | 10 | 4356 | 405 |
| 13 | PLKD | KANJIRAPUZHA DAM GARDEN | DTPC, PLKD | 10 | 4356 | 405 |
| 14 | PLKD | VELLIYAMKALLU HERITAGE PARK | DTPC, PLKD | 10 | 4356 | 405 |
| 15 | MPM | PADINJAREKKARA BEACH | DTPC, MPM | 10 | 4356 | 405 |
| 16 | MPM | KUTTIPPURAM NILAYORAM PARK | DTPC, MPM | 10 | 4356 | 405 |
| 17 | KZH | SAROVARAM BIOPARK | DTPC, KKD | 10 | 4356 | 405 |
| 18 | KZH | KAPPAD BEACH | DTPC, KKD | 5 | 2178 | 202.5 |
| 19 | KNR | PALAKKAYAM THATTU | DD, KNR | 10 | 4356 | 405 |
| 20 | KNR | KANNUR TOWN SQUARE | DD, KNR | 5 | 2178 | 202.5 |
| 21 | KSRD | WAYSIDE AMENITY CENTRE, THALAPPADY, MANJESWARAM G/p | DTPC, KSRD | 7 | 3049.2 | 283.5 |
| 22 | KSRD | PADANNAKKAD SOCIAL FORESTRY PARK, NEELESHWARAM G/p | DTPC, KSRD | 7 | 3049.2 | 283.5 |
| | | | | TOTAL | 80150.4 | 7452 |

അനുബന്ധം - II

| നമ്പർ | ഡെസ്റ്റിനേഷൻ | അനുവദിച്ച തുക | അനുവദിച്ച തീയതി |
|---|---|---|---|
| 1 | ശംഖ്മുഖം | 20,04,631/- | 18/03/2021 |
| 2 | നിളയോരം പാർക്ക്, മലപ്പുറം | 20,04,631/- | 04/08/2021 |
| 3 | സരോവരം ബയോ പാർക്ക്, കോഴിക്കോട് | 20,04,631/- | 04/08/2021 |
| 4 | നാട്ടകം, കോട്ടയം | 20,04,631/- | 10/11/2021 |
| 5 | ടൂറിസം ഓഫീസ്, കൊല്ലം | 20,04,631/- | 30/11/2021 |
| 6 | ശംഖ്മുഖം (മെയിന്റൻസ് കോസ്റ്റ്) | 2,86,740/- | 14/03/2022 |